# നിനദം

2020BACTH

LITTLE KITES DIGITAL MAGAZINE - S.T SEBASTIAN'S SCHOOL
THOKKUPARA

Designed by Vecteezy

## Contents

ആമുഖം....3
EDITORIAL....4
SSHS Thokkupara....5
Idukki district....5
ആശംസ....7
VASANTAM....8
LITTLE KITES STUDENTS 2019-2021....9
ഉദയം....10
*ജനപ്രീയ കായികം*....11
LITTLE KITES CLASSES & WORKS....12
കേരളനാട്....13
ഇലക്കൊട്ടാരം....14
DIGITAL POOKKALAM....16
നീലക്കുറിഞ്ഞി....18
മഴ....19
പുലരി....20
കിണ്ണം....22
ഉണ്ണിക്കേറെയിഷ്ടം !....23
വെള്ളിനിലാവു പൊഴിച്ചീട്ടം....*25*
വിശപ്പിന്റെ വേദന....29
പൂമ്പാറ്റയോട്....32

**ആമുഖം**

വിദ്യാഭ്യാസമെന്നാൽ പുസ്തകപഠനം മാത്രമല്ല, നവസാങ്കേതികവിദ്യകൾ അതിവേഗം പുരോഗമിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ അവ ക്ലാസ്സ് മുറികളിലും വിവിധ പഠനമേഖലകളിലും ഫലപ്രദമായി ഉപയോഗിക്കാൻ സജ്ജരാകുകയും അതുവഴി സമഗ്രവികസനം സാധ്യമാക്കുകയുമാണ് ലിറ്റിൽ കൈറ്റ് കൂട്ടായ്മയുടെ ലക്ഷ്യം. ഈ ലക്ഷ്യപ്രാപ്തിയിലെത്താൻ തങ്ങളുടെ സ്വന്തമായ സൃഷ്ടികളും രചനകളും കോർത്തിണക്കി നിർമ്മിച്ചതാണ് 'നിനദം 2020'

കൈറ്റ് മിസ്ട്രസ്

എമിലി ജോസഫ്

# EDITORIAL



ALTHAF A S



ALAGUSELVI K M



JASMINE RAFEEK



# SSHS Thokkupara.

# Idukki district.

ഇടുക്കി ജില്ലയിൽ തൊടുപുഴ വിദ്യാഭ്യാസ ജില്ലയിൽ ഉൾപ്പെടുന്നതാണ് തോക്കുപാറ സെൻറ് സെബാസ്റ്റ്യൻസ് ഹൈസ്കൂൾ. തോക്കുപാറയുടെ വികസനോന്മുഖ യാത്രയിൽ മുപ്പത്തിയാറു വർഷമായി ഈ നാടിൻറ സാംസ്കാരിക വളർച്ചയുടെ പ്രഭവകേന്ദ്രമായി മാറിയ സെൻറ് സെബാസ്റ്റ്യൻസ് ഹൈസ്കൂൾ ഇക്കാലമത്രയും തലമുറകൾക്ക് അറിവിൻറ കൈത്തിരിവെട്ടം പകർന്നുകൊണ്ട് തലയുയർത്തി നിൽക്കുന്നു . 1983-ൽ തുടക്കം കുറിച്ച ഈ വിദ്യാലയത്തിൻറ പ്രഥമ മാനേജർ റവ.ഫാ. ജോസഫ് വടക്കുംപാടത്തിൻറ നേതൃത്വത്തിൽ അടിസ്ഥാന സൗകര്യങ്ങൾ ജനപങ്കാളിത്തത്തോടെ ഉറപ്പുവരുത്തി. ഈ വളർച്ചയിൽ എല്ലാകാലവും താങ്ങും തണലുമായി നിന്നിരുന്നത് സർവ്വേശ്വരന്റെ അളവില്ലാത്ത അനുഗ്രഹവും സംരക്ഷണവുമാണെന്ന കാര്യം നന്ദിപൂർവം സ്മരിക്കുന്നു. ജാതി,മത,വർഗ്ഗ ചിന്തകൾക്കതീതമായി പിൻഗാമികളായ ബഹു. ഇടവക വികാരിമാരുടെ പിന്നിൽ അണിനിരന്ന തോക്കുപാറയിലെ ജനങ്ങളുടെ കൈക്കരുത്തും മനക്കരുത്തും സമ്മേളിച്ചപ്പോൾ ആധുനികവിദ്യാഭ്യാസം പകർന്നുനൽകുവാനുള്ള സ്കൂൾ കെട്ടിടം പൂർത്തിയാക്കി ക്ലാസുകൾ തുടങ്ങാൻകഴിഞ്ഞു. കെട്ടിടനിർമാണത്തിൽ നേതൃത്വം നൽകുകയും വിവിധ തരത്തിലുള്ള സംഭാവനകൾ നൽകുകയും ചെയ്ത മൺമറഞ്ഞുപോയ മുൻഗാമികളുടെ സ്മരണക്കു മുന്നിൽ ഈ അവസരത്തിൽ ആദരവോടെ ശിരസ്സു നമിക്കുന്നു.

സ്കൂളിൻെറ ആദ്യ ഹെഡ്മാസ്റ്റർ ശ്രീ. ജോൺ കല്ലുങ്കലിൻെറ നേതൃത്വത്തിൽ പുലർത്തിയ മികച്ച അധ്യയനനിലവാരം ഇന്നും അഭംഗുരം തുടരുവാൻ ഈ സ്കൂളിൽ സേവനമനുഷ്ഠിക്കുന്ന അദ്ധ്യാപക അനദ്ധ്യാപക കൂട്ടായ്മയ്ക്ക് സാധിക്കുന്നു എന്നത് എടുത്തു പറയേണ്ടതാണ്. കോതമംഗലം രൂപതാ വിദ്യാഭ്യാസ ഏജൻസിയുടെ മാനേജ്മെൻറിലേക്ക് നമ്മുടെ വിദ്യാലയം കൈമാറിയത് തുടർപ്രവർത്തനങ്ങൾക്ക് ഏറെ സഹായകമായി. 2004 ൽ രൂപികൃതമായ ഇടുക്കി രൂപതാ ഏജൻസിയുടെ നിയന്ത്രണത്തിലാണ് ഇപ്പോൾ നമ്മുടെ വിദ്യാലയപ്രവർത്തനങ്ങൾ നടക്കുന്നത്. വിവിധ കാലഘട്ടങ്ങളിൽ ഇടുക്കി ജില്ലയുടേയും ദേവികുളം നിയോജക മണ്ഡലത്തിന്റേയും ജനപ്രതിനിധികളായിരുന്നിട്ടുള്ള ബഹുമാനപ്പെട്ട എം. പി മാരുടേയും എം. എൽ എ മാരുടേയും അകമഴിഞ്ഞ സഹായസഹകരണങ്ങൾ ഈ കലാലയത്തിന്റെ ഭൗതീക വികസനത്തിന് മുതൽക്കൂട്ടായിട്ടുണ്ട്. ബഹുമാനപ്പെട്ട റവ. ഫാ. ജോസഫ് വടക്കും പാടം അച്ചനെതുടർന്ന് ചുമതലയേറ്റ റവ. ഫ്രാൻസിസ് അത്തിക്കൽ, റവ. ഫാ ജോസ് പുൽപ്പറമ്പിൽ എന്നിവർ കെട്ടിടനിർമാണം പൂർത്തുകരിച്ചു. മറ്റ് ഭൗതികസൗകര്യങ്ങൾ ലഭ്യമാക്കിയത് റവ. ഫാ ലൂക്കാ ആനിക്കുഴിക്കാട്ടിൽ റവ. ഫാ. ജോസ് കുന്നുംപുറത്ത് എന്നിവരുടെ ശ്രമഫലമായിട്ടാണ്. റവ. ഫാ. ജോസ് മാവേലിക്കുന്നേലിന്റെ നേതൃത്വത്തിൽ പഴയ യു.പി.സ്കൂൾ കെട്ടിടങ്ങൾക്ക് പകരം ആധുനിക രീതിയിലുള്ള കെട്ടിടങ്ങൾ നിർമിക്കുവാൻ കഴിഞ്ഞു. മികച്ച പഠനനിലവാരം പുലർത്തുന്നതിനോടൊപ്പം കലാകായിക മേഖലകളിലും തനതായ വ്യക്തിമുദ്ര പതിപ്പിക്കുവാൻ ഈ കലാലയത്തിന് സാധിച്ചിട്ടുണ്ട്. ഈ വിദ്യാലയത്തിൽ പഠിച്ചുപോയ നിരവധി പ്രതിഭകൾ ഇന്ന് കലാസാംസ്കാരിക, രാഷ്ട്രീയ, മാധ്യമ, വൈദ്യശാസ്ത്ര, വിവരസാങ്കേതിക രംഗങ്ങളിൽ പ്രവർത്തിച്ചുവരുന്നു. പിന്നിട്ട വർഷങ്ങളിൽ നൂറുമേനി വിജയം നേടാൻ സാധിച്ചതോടൊപ്പം മുഴുവൻ വിഷയങ്ങൾക്കും A+ നേടുന്ന കുട്ടികളുടെ എണ്ണത്തിൽ ക്രമമായ വർദ്ധനവ് ഉണ്ടാക്കുവാനും അച്ചടക്കത്തോടുകൂടിയുള്ള ഈ സ്കൂളിലെ അധ്യയനത്തിന് സാധിച്ച വരുന്നു.

## ആശംസ

നമ്മുടെ സ്കൂളിലെ 'ലിറ്റിൽ കൈറ്റ്'പ്രവർത്തനങ്ങൾ പ്രശംസനീയമാം വിധം മുന്നേറുന്നതിൽ അഭിമാനം തോന്നുന്നു. കാലത്തിനൊത്ത് ചുവട് വയ്ക്കാൻ ഈമാറ്റം കുട്ടികളെ പ്രാപ്തരാക്കിതീർക്കും എന്നത് നിസ്തർക്കമാണ്. കമ്പ്യൂട്ടർ പരിജ്ഞാനത്തിന്റെ വിവിധ മേഖലകളിൽ പ്രാഗത്ഭ്യംതെളിയിക്കുന്നതിന് ഇത് സഹായകമായി തീരട്ടെ നേതൃത്വം നൽകുന്ന എമിലിടീച്ചറിനും,കുട്ടികൾക്കും എല്ലാ ഭാവുകങ്ങളും നേരുന്നു.



തോക്കുപാറ

ഹെഡ്മാസ്റ്റർ - ബാബുജെയിംസ്

**VASANTAM**



# LITTLE  KITES STUDENTS  2019-2021




ഉദയം

അലയാഴിത്തികളിൽ
അരുണന്റെ  രശ്മിയിൽ
വരവായി മണ്ണിലൊരു
പൊൻ പ്രഭാതം.
വിരിയുന്ന കിളികളും
കളം കളം രസമൊടെ
പുഴയൊഴുക്കും
തുമ്പയും തത്തയും
തുള്ളി കളി കളി
സ്വർണ്ണവർണ്ണപ്പുലരി
നല്ല  ചന്തം........!

# ജനപ്രീയ കായികം

ആധുനിക ലോകത്തിലെ ഏറ്റവു ജനപ്രീതിയേറിയ കായിക ഇനം ഏതെന്ന് ചോദിച്ചാൽ കണ്ണും പൂട്ടി പറയാവുന്ന ഉത്താരമാണ് FOOTBALL. നമ്മുടെ രാജ്യത്തിലും അതിന്റെ അലയടികൾ അണ്ടർ -19 വേൾഡ്കപ്പിൽ നാം കണ്ട് കഴിഞ്ഞതാണല്ലോ. കായികമായ നാല്ലൊരു വിനോദമാണ് football. വിനോദം എന്നതിനേക്കാ ഉപരിയായി മറ്റനേകം നേട്ടങ്ങളും ഫുട്ബോൾ കളികളിയിലൂടെ നമ്മുക്ക് ലഭിക്കുന്നു.

**LITTLE KITES  CLASSES & WORKS**










## കേരളനാട്

കേരളമരങ്ങൾ തലയാട്ടീടും
കേരളമാണെൻ നാട്
മാമലനിരകൾ തലകാട്ടീടും
കേരളമാണെൻ നാട്
മാമരവനികൾ കുളിർകോരീട്ടു
കേരളമാണെൻ നാട്
ആറുകളോരോ ഗീതികൾ പാടും
കേരളമാണെൻ നാട്
ആഴിത്തിരയുടെ മാലകളണിയും
കേരളമാണെൻ നാട്
ജാതിമതങ്ങളും ഒരുമയിൽ വാഴും
കേരളമാണെൻ നാട്

**by-ആൽബിൻ**


# ഇലക്കൊട്ടാരം


മാവിൻ ഇലകൾ തമ്മിൽ തുന്നി
ചേലിലൊരുക്കിയ കൊട്ടാരം
കാറ്റത്തൊന്നും വീഴൂല
മഴയത്തൊന്നും അലിയൂല ചൂടറിയില്ല
തണുപ്പറിയില്ല നല്ലൊരു കൊട്ടാരം
മാമരമേലീ
കൊട്ടാരം നല്ല ചന്തമെഴുന്നൊരു
കൊട്ടാരം തീർത്തവരാരെന്നറിയാമോ
പുളിയനുറുമ്പും കുട്ട്യോളും..........



AJMAL

## DIGITAL POOKKALAM

















**നീലക്കുറിഞ്ഞി**

പച്ചയാം കുന്നിന്റെ

ചെരുവിൽ

മൊട്ടിട്ട് പൂവാം നീലക്കുറിഞ്ഞി

നീലനിലാവിന്റെ തോഴിയാണവൾ

ഭൂമിദേവിതൻ വിരിമാറിൽ-

നീലയാം പട്ടുവിരിച്ചവൾ.

കുന്നിന്റെ നെറുകയിൽ നിന്നും

ആരോ വാരി എറിഞ്ഞതാം

**നീല നിറമുള്ള മുത്താണവൾ**

# മഴ

മഴ പ്രണയം എന്ന് ചേട്ടൻ പറഞ്ഞു

മഴയക്ക് തണുപ്പ് എന്ന് ചേച്ചി പറ

ഞ്ഞു

മഴ മണ്ണിന് ദാഹം മാറ്റാൻ എന്ന്

അപ്പ പറഞ്ഞു മഴ നനഞ്ഞ് പനി

പിടിക്കുമെന്ന് അമ്മ പറഞ്ഞു മഴയത്ത്

കളിക്കാമെന്ന് അനുജൻ പറഞ്ഞു

മഴയത്ത് കളിക്കാൻ കൂട്ടുവരാമെന്ന്

ഞാനും പറഞ്ഞു കാത്തിരുന്ന ഞങ്ങൾ

ആ മഴക്കാലം ഓടിവന്ന മഴക്കാലം


എല്ലാം ഒഴുക്കി കടന്നു പോയി-

**ആ മഴക്കാലം ..........**

## പുലരി

പുലരി മഞ്ഞാൽ തഴുകി അണഞ്ഞിടുന്നു-
വാനിനെ നിറമാം ശീല അണിയിച്ചിടുന്നു
മന്ദമാരുതൻ തഴുകി തലോടവേ-
മന്ദഹസിച്ചിടുന്നസൂര്യൻ
തണുക്കുമീ-മനധാരിൽ മധുകോരി-
ചൊരിഞ്ഞിതാ പാരിൽ അണ-
ഞ്ഞിടുന്നിപുലരി
വെളിച്ചം പകർന്നിടുന്നതേപുലരി
അന്ധകാരത്തെ വെളിച്ചമാക്കുന്നപുലരി
വന്നണയുന്ന പുലരി മറക്കില്ലൊരിക്ക
പക്ഷികൾ കൂട്ടമായ് പറന്നിടുന്നു-
വാനിനെ ശോഭയാൽ പുതപ്പിച്ചിടുന്നിലും

-അൽത്താഫ് എ.
എസ്



**ANANTHSURYA**

# കിണ്ണം

വെള്ളിക്കിണ്ണം പോലെ വാനിൽ

പൊന്തിയതെന്താണ്...

അമ്പിളിയാണതു കുഞ്ഞേ നമ്മുടെ

അമ്പിളിയമ്മാവൻ.

-ബേസിൽ സാജൻ

ഉണ്ണിക്കേറെയിഷ്ടം !

കൈയിലൊരൊറ്റ കുപ്പിവള
മുഖം കണ്ടാൽകാവിലെ
ദേവിതന്നെ മടിയിലിരുത്തീട്ട്
മാറോട് ചേർത്തിട്ട് മണിമണി
പോലെ കഥ പറയും
ആനേടെ
മയിലിൻെറ ഒട്ടകത്തിൻെറയും
ആരും കേൾക്കാത്ത കഥ
പറയും
കുഞ്ഞേടത്തിയെ
തന്നെയല്ലോഉണ്ണിക്കെന്നെന്ന
മേറെയിഷ്ടം !                    -
ബേസിൽ സാജൻ





വെള്ളിനിലാവു പൊഴിച്ചീടും

**ഉണ്ടെങ്കിൽ മരമുണ്ടിങ്കിൽ**

**പാരിതു നീളെ**

**തണലുവിരിച്ചു നിരന്നീടും**

**കാറുണ്ടെങ്കിൽ മാനം നോക്കി**

**മയിലുകൾ പിലി വിടർത്തിടും**

**പൂവുണ്ടങ്കിൽ പൂമധുതേടി**

**വണ്ടുകൾ പാറിയടുത്തിടും**

**രാവുണ്ടെങ്കിൽ മാനത്തമ്പിളി**

# QUIZ

അടുത്തിടെ ജിയോഗ്രഫിക്കൽ
ഇന്റിക്കേഷൻ ടാക് ലഭിച്ച വയനാട്ടിലെ
കാർഷിക വിള

-റോബസ്റ്റ കോഫി

സറ്റിഫൻ ഹോക്കിങ്ങിനോടുള്ള ആദര-
സൂചകമായി '**BlackHole**'ആലേഖനം
ചെയ്ത് നാണയം പുറത്തിറക്കിയ രാജ്യം

-യു.കെ.

മൂന്ന് ഭ്രമണപഥ ദൗത്യങ്ങൾ വിജയകരമായി
പൂർത്തിയാക്കിയ ഐ.സ്.ആർ.ഒ.യുടെ
വിക്ഷേപണ വാഹനം?

-PSLVC 45



***ALAGUSELVI***

# ***OUR SCHOOL CHRISTMAS CELEBRATION***



വിശപ്പിന്റെ വേദന

***ഒരു ക്ഷാമകാലത്ത് ചൈനയിലെ ഒരു നാട്ടുരാജാവിന്റെ മുന്നിൽ ദരിദ്രനായ ഒരു മനുഷ്യനെകൃഷിക്കാർ പിടിച്ചുകെട്ടി വലിച്ചുകൊണ്ടുവന്നു "   ഇവൻ ഞങ്ങളുടെ കൃഷിസ്ഥലത്തുനിന്ന്   പതിവായി നെല്ല് മോഷ്ടിച്ചു കൊണ്ടുപോകുന്ന     ഇയാൾക്ക് കടുത്തശിക്ഷ- കൊടുക്കണം"     അവർ പറഞ്ഞു . പട്ടിണിയുടെ പേക്കോലമായി മാറിയ ആ മനുഷ്യനോട് രാജാവ് ചോദിച്ചു "എടാ നീ  ഇവരുടെയൊക്കെസ്ഥലത്തു- പോയി നെല്ല് കക്കുന്നുണ്ടോ" അയാൾ പറ ഞ്ഞു***

***"ജനസമക്ഷത്തിൽ ഞാൻ കുറ്റകാരനാണ്***

***വിശപ്പിന്റെ വേദന സഹിക്കാൻ കഴിയാതെയാണ്***

ഞാൻ ധാന്യം മോഷ്ടിച്ചത്. താങ്ങൾക്ക്

എന്നെ ശിക്ഷിക്കാവുന്നതാണ്" അന്ന്

ആളുകൾ അയാളെ

ശിക്ഷിക്കുകയുണ്ടായി. ആ ഉപദ്രവത്തിൽ

ആ മനുഷ്യന് ജീവൻ നഷ്ടപ്പെട്ടു വിശപ്പിന്

ഒരു ജീവന്റെ

വിലയുണ്ട് എന്നവർ മനസ്സിലാക്കിയില്ലാ

# LITTLE KITES

പൂമ്പാറ്റയോട്

പൂമ്പൊടി തട്ടി
പൂവിനെ മുത്തി
പൂന്തേനുണ്ടു മടങ്ങുമ്പോ
കുഞ്ഞിക്കാറ്റിനെ
കൂട്ടിനുകൂട്ടി
ഊഞ്ഞാലാട്ടിത്തരുമോ നീ ?

കുഞ്ഞിച്ചിറകി -
ലിരുത്തിട്ടെന്നെ
മാനം ചുറ്റാൻ കൂട്ടുമോ ?

-ബേസിൽ സാജൻ

## ദൈവത്തിന്റെ സ്വന്തം നാട്.

കാലം മനുഷ്യനെ സാക്ഷിയാക്കിയ ആ മഹാ പ്രളയത്തിൽ കൈകോർത്ത് അതിജീവിച്ചവരാണ് മലയാളികൾ

ജാതിമത വിവേചനമില്ലാതെ എല്ലാവരും ഒറ്റക്കെട്ടായിനിന്ന് രക്ഷാപ്രവർത്തനത്തിനായി സംഘടിക്കുകയുണ്ടായി.ഒരു ജീവിതം കൊണ്ട് സംമ്പാദിച്ചതെല്ലാം ഒറ്റനിമിശത്തിൽ തകർന്നടിയുന്നത് നിസ്സഹായനായി നോക്കിനിന്നപ്പോഴും സഹായത്തിന്റെ കരസ്പർഷം അവരെ തൊട്ട് തലോടുന്നുണ്ടായിരുന്നു.ദുരിതത്തിനെതിരെ ഒറ്റകെട്ടായി പോരാടിയ ഒരു ജന സമൂഹത്തിൽ നമ്മളും ജീവിച്ചിരുന്നു എന്ന കാര്യത്തിൽ നമ്മുക്കും അഭിമാനം കൊള്ളാം.

അനന്ദ് സൂര്യ.